മാതൃഭൂമി

11 January 2017

# മത്സ്യബന്ധന നിയന്ത്രണ നിയമ ഭേദഗതി: ആശങ്ക അകറ്റണമെന്ന് തൊഴിലാളികൾ



സംസ്ഥാനത്തെ മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ചർച്ച ഹൈബി ഈഡൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി:** സംസ്ഥാനത്തെ മത്സ്യബന്ധന നിയന്ത്രണ നിയമം (കെ.എം.എഫ്.ആർ.എ.) ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റണമെന്ന് ആവശ്യം. 'മത്സ്യമേഖലയിലെ പ്രതിസന്ധിയും പുതിയ സാഹചര്യത്തിൽ വരുത്തേണ്ട ക്രമീകരണങ്ങളും' എന്ന വിഷയത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) നടന്ന ചർച്ചയിലാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഈ നിർദ്ദേശം ഉന്നയിച്ചത്.

ഹൈബി ഈഡൻ എം.എൽ.എ. ചർച്ച ഉദ്ഘാടനം ചെയ്തു. കടലവകാശ നിയമം അംഗീകരിക്കണമെന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളി സമിതി സംസ്ഥാന പ്രസിഡന്റ് പി.വി. ജനാർദനൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. ടി.വി. സത്യാനന്ദൻ, ഡോ. പി.യു. സക്കറിയ, ഡോ. വി. കൃപ, ഡോ. ശ്യാം എസ്. സലീം, ഡോ. ലീല എഡ്വിൻ, ഡോ. ടി.വി. ശങ്കർ, ഡോ. എം.വി. ബൈജു, ഡോ. എൻ.കെ. സന്തോഷ് എന്നിവർ സംസാരിച്ചു.